# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3447 18.2.2013-ൽ മറുപടിയ്ക്ക്

### ആന പരിപാലനനിയമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ.പി. കെ. ബഷീർ<br>ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആന പരിപാലന നിയമ പ്രകാരം എത്ര കേസ്സുകൾ രജിസ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ ; | എ) | ജില്ലകളിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൃശ്ശൂർ ജില്ലയിൽ 14 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) | രജിസ്റർ ചെയ്ത കേസ്സുകളിൽ എത്ര എണ്ണത്തിൽ ശിക്ഷാനടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ; | ബി) | രജിസ്റ്റർ ചെയ്ത കേസുകളെല്ലാം ബന്ധപ്പെട്ട കോടതികളുടെ പരിഗണനയിലാണ്. |
| സി) | ആന പരിപാലനനിയമം ശക്തമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ ? | സി) | സർക്കാർ ഉത്തരവ് (പി) നമ്പർ 03/2011/വനം തീയതി 21.1.2012 പ്രകാരം ഉത്സവങ്ങൾക്കും മറ്റു പൊതു പരിപാടികൾക്കും നാട്ടാനകളെ എഴുന്നള്ളിക്കുമ്പോൾ പാലിക്കേണ്ട നിബന്ധനകൾ സംബന്ധിച്ച അംഗീകരിച്ച മാർഗ്ഗരേഖ കർശനമായും പാലിക്കാൻ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിൻ പ്രകാരം നാട്ടാനകളെ പരിപാലിക്കുന്നത് ശക്തമാക്കിയിട്ടുണ്ട്. ആനയെ പീഡിപ്പിക്കുന്നത് തടയുവാനായി ജില്ലാ തലത്തിൽ ജില്ലാ കളക്ടർ ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ ആന ഉടമസ്ഥർക്കും ആന പാപ്പാന്മാർക്കും ഉത്സവ കമ്മിറ്റികൾക്കും ഈ നിയമം സംബന്ധിച്ച് ബോധവത്കരണ ക്ളാസ്സുകൾ നടത്താറുണ്ട്. ആനകളുടെ |

ആരോഗ്യ സർട്ടിഫിക്കറ്റ് നൽകുന്നതിനും, എലിഫന്റ് സ്ക്വാഡ് സജ്ജീകരിക്കുന്നതിനും വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വകുപ്പിലെ ഉദ്യോഗസ്ഥർക്ക് ഇക്കാര്യങ്ങൾ കൃത്യമായ രീതിയിൽ നടപ്പിലാക്കുന്നുണ്ടോയെന്ന് ഉറപ്പ് വരുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

Seela

**സെക്ഷൻ ഓഫീസർ**